കേരള സമാജം (രജി.)
Kerala Samajam Complex, K S Rao Road
Mangaluru. Ph: 0824 2441323
E-mail : keralasamajammangalore@gmai.com
ESTD:1957

# സമാജ സന്ദേശം

ഒരു കേരള സമാജം പ്രസിദ്ധീകരണം

ജൂലൈ– 2023

# മംഗളൂരുവിൽ കാത്തിരിപ്പിന് അറുതിയാകുന്നു

## പുതിയ പ്ലാറ്റ്ഫോം നിർമാണം അവസാന ഘട്ടത്തിൽ; വന്ദേഭാരത് എക്സ്പ്രസും ഉടനെത്തും

മംഗളൂരുവിലെത്തുന്ന ട്രെയിൻ യാത്രക്കാരുടെ കാത്തിരിപ്പിന് അറുതിയാകുന്നു. മംഗളൂരു സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പുതിയ പ്ലാറ്റ്ഫോമിന്റെ നിർമാണം അന്തിമ ഘട്ടത്തിലെത്തി. ആഗസ്ത് മാസത്തിൽ ഇത് ഉദ്ഘാടനം ചെയ്യാനാണ് ഒരുക്കം നടക്കുന്നത്. രാജ്യത്തെ തന്നെ പ്രധാന നഗരങ്ങളിൽ ഒന്നായ മംഗളൂരുവിനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിച്ച് വന്ദേ ഭാരത് എക്സ്പ്രസ് സർവീസും ഉടൻ ആരംഭിക്കും എന്നാണറിയുന്നത്. നിലവിൽ തിരുവനന്തപുരത്തു നിന്ന് കാസർകോട് വരെ സർവീസ് നടത്തുന്ന വന്ദേഭാരത് എക്സ്പ്രസ് മംഗളൂരുവിലേക്ക് നീട്ടണമെന്ന് ആവശ്യപ്പെട്ട് കേരള സമാജം ഭാരാഹികൾ നേരത്തെ നിവേദനം നൽകിയിരുന്നു. ഇതു നീട്ടുന്നതിന് ഒപ്പം മംഗളൂരുവിനെ ബന്ധിപ്പിച്ച് കൂടുതൽ വന്ദേ ഭാരത് എക്സ്പ്രസുകൾ സർവീസ് ആരംഭിക്കാനും റെയിൽവേ ആലോചിക്കുന്നതായാണ് അറിയുന്നത്.



മംഗളൂരു സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിർമാണം പൂർത്തിയാകുന്ന പുതിയ പ്ലാറ്റ്ഫോം.

സ്ഥിരതാമസമാക്കിയ മലയാളികൾക്ക് പുറമേ വിവിധ ആവശ്യങ്ങൾക്കായി നിത്യേന പതിനായിരക്കണക്കിന് മലയാളികൾ വന്നു പോകുന്ന നഗരമാണ് മംഗളൂരു. ചികിത്സ, വിദ്യാഭ്യാസം, വ്യാപാരം, വാണിജ്യം, ജോലി തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർ ഇക്കൂട്ടത്തിലുണ്ട്.



ഇവർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് ട്രെയിനുകൾ റെയിൽവേ സ്റ്റേഷന് പുറത്ത് പിടിച്ചിട്ടു വൈകുന്നത്. ചിലപ്പോൾ മണിക്കൂറുകളോളം ഇത്തരത്തിൽ റെയിൽവേ സ്റ്റേഷന് പുറത്ത് കുടുങ്ങാറുണ്ട്. ആവശ്യത്തിനു പ്ലാറ്റ്ഫോം ഇല്ലാത്തതിനാൽ ട്രെയിനുകൾ കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടാണ് ഇതിനു വഴിയൊരുക്കുന്നത്.

ഇതോടെ, ഏറെക്കാലത്തെ മുറവിളിക്ക് ഒടുവിൽ തുടങ്ങിയ പുതിയ പ്ലാറ്റ്ഫോം നിർമാണം നിലവിൽ അന്തിമ ഘട്ടത്തിലെത്തി. പ്ലാറ്റ്ഫോമിന്റെയും ട്രാക്കുകളുടെയും നിർമാണം പൂർത്തിയായി. വൈദ്യുതീകരണ പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുകയാണ്. നിലവിൽ ഒരു ബേ ലൈനും 3 പ്ലാറ്റ്ഫോമുകളുമാണ് ഉള്ളത്. പുതിയതിന്റെ നിർമാണം പൂർത്തിയാകുന്നതോടെ പ്ലാറ്റ്ഫോമുകളുടെ എണ്ണം അഞ്ചാകും. ഇതോടെ, ട്രെയിനകൾ മണിക്കൂറുകൾ റെയിൽവേ സ്റ്റേഷനു പുറത്ത് പിടിച്ചിടുന്ന അവസ്ഥയ്ക്ക് പരിഹാരമാകും. ഒപ്പം കൂടുതൽ ട്രെയിനുകൾ സർവീസ് ആരംഭിക്കാനും സാധിക്കും.

ഇതോടൊപ്പം തന്നെ വന്ദേ ഭാരത് എക്സ്പ്രസ് സർവീസും ആരംഭിക്കാനാണ് നീക്കം. വന്ദേഭാരത് എക്സ്പ്രസ് സർവീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടി നേരത്തെ ആരംഭിച്ചിരുന്നു.

## ഓണാഘോഷം: മത്സരങ്ങൾ ആഗസ്ത് 13ന്




മംഗളൂരു കേരള സമാജം സംഘടിപ്പിക്കുന്ന ഓണാഘോഷം സപ്തംബർ 3ന് കൊടിയൽബയൽ കൂട്ടക്കല ഓഡിറ്റോറിയത്തിൽ നടക്കും. ഓണാഘോഷത്തിന്റെ ഭാഗമായുള്ള മത്സരങ്ങൾ ആഗസ്ത് 13ന് കേരള സമാജം സുവർണ ജൂബിലി ഹാളിൽ നടക്കും.

വിവിധ കലാ–സാഹിത്യ പരിപാടികൾ, സാംസ്കാരിക സമ്മേളനം, ഓണസദ്യ തുടങ്ങിയവയെല്ലാം സംഘടിപ്പിക്കും. സാമൂഹ്യ–സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കും.

ഓണാഘോഷത്തിന്റെ ഭാഗമായി ആഗസ്ത് 13ന് നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇവർ മത്സരം നടക്കുന്ന 13ന് രാവിലെ 9 മണിക്ക് മുമ്പായി കേരള സമാജം സുവർണ ജൂബിലി ഹാളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക: 0824 2441323 (കേരള സമാജം ഓഫിസ്), 8553227290 (ശ്രീരാജ്, യുവജന വിഭാഗം കൺവീനർ), 9481413396 (ഷൈജ സത്യൻ, വനിതാ വിഭാഗം കൺവീനർ), 813982022 (കെ.അശോകൻ, പുരുഷ വിഭാഗം കൺവീനർ). കേരള സമാജം അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും മത്സരങ്ങളിൽ പങ്കെടുക്കാം.

സപ്തംബർ 3ന് നടക്കുന്ന ഓണാഘോഷ പരിപാടിയിൽ കലാവിഭാഗം, യുവജന വിഭാഗം, വനിതാ വിഭാഗം തുടങ്ങിയവർ അവതരിപ്പിക്കുന്ന വിവിധ കലാ പരിപാടികൾ അരങ്ങേറും. പരിപാടികളുടെ പരിശീലനം സമാജം സുവർണ ജൂബിലി ഹാളിൽ ആരംഭിച്ചു. മുഴുവൻ അംഗങ്ങളും കുടുംബ സമേതം പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് ഭാരവാഹികൾ അഭ്യർഥിച്ചു.

## മത്സര ഇനങ്ങളും നിബന്ധനകളും

ഓണാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മത്സരങ്ങൾ:
കരോക്കെ ഗാനാലാപനം,
കവിതാലാപനം, ഓണപ്പാട്ട്
സോളോ ഡാൻസ്, ഗ്രൂപ്പ് ഡാൻസ്
ചിത്രരചന
ഉപന്യാസ രചന
ക്വിസ് (എല്ലാവർക്കും)
തത്സമയ മത്സരങ്ങൾ (വനിത),
ബോൾ പാസിംങ് (പുരുഷന്മാർ),
കാരംസ് (സിംഗിൾസ്)
കാരംസ് (ഡബിൾസ്)

കാറ്റഗറി തിരിച്ചുള്ള മത്സരങ്ങൾക്കുള്ള കാറ്റഗറികൾ:
സബ് ജൂനിയർ (6 വയസു വരെ)
ജൂനിയർ(7–15 വയസ്)
സീനിയർ (16–40 വയസ്)
സൂപ്പർ സീനിയർ (40നു മുകളിൽ)

ഓരോ ഇനത്തിലും മത്സരിക്കാൻ കുറഞ്ഞത് 4 പേർ/ടീം ഇല്ലെങ്കിൽ പ്രസ്തുത മത്സരം നടത്തുന്നതല്ല. ഗ്രൂപ്പ് ഡാൻസിന് ഒരു ടീമിൽ പരമാവധി 8 പേർ ആകാം. മത്സരങ്ങളിൽ പങ്കെടുക്കാൻ ആഗസ്ത് 7ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.

NEW SUN DIGITAL STUDIO
Deralakatta
Mob: +91 916411434321
E-Mail: newsundigitalstudio5@gmail.com
WEDDING VIDEO & PHOTOGRAPHY
ALBUM DESIGN
Passport Size Photo & Family Photo



# സന്ദേശം

പ്രിയ സുഹൃത്തുക്കളേ,

ഐശ്വര്യത്തിന്റേയും സമ്പൽ സമൃദ്ധിയുടേയും നിറവിൽ വീണ്ടുമൊരു ഓണക്കാലം കൂടി സമാഗതമായിരിക്കുകയാണ്. ഇക്കൊല്ലത്തെ സമാജം ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ മൂന്നാം തീയ്യതി ഞായറാഴ്ച കൊടിയൽ ബെയിൽ കൂട്ടക്കല ആഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ച വിവരം മാന്യമെമ്പർമാരെ ഈയവസരത്തിൽ അറിയിക്കുകയാണ്. കേരളത്തനിമ വിളിച്ചോതുന്ന ഓണസദ്യയും ഓണാഘോഷത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.
ഓണാഘോഷ പരിപാടികളുടെ ഭാഗമായി വിവിധ കലാ സാഹിത്യ പരിപാടികളുടെ മത്സരങ്ങൾ സമാജം ജൂബിലി ഹാളിൽ വെച്ച് ആഗസ്റ്റ് 13 ന് നടത്തപ്പെടുന്നുണ്ട്.
സംഘടനാ പ്രവർത്തനങ്ങളിലേക്കു യുവതീയുവാക്കളെ അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ സമാജം രൂപീകരിച്ച 'യൂത്ത് വിംങ്ങ് ' എന്ന നമ്മുടെ യുവജന വിഭാഗം സ്നേഹവും സഹകരണവും സംഘടനാ പ്രവർത്തനങ്ങളുമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. നമ്മുടെ യുവതലമുറയെ സമാജങ്ങളിലെ പ്രവർത്തന മേഖലയിലേക്കു കൊണ്ട് വരുവാനും, കലാകായിക സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാനും സഹായകരമാണിത്. ആയതിനാൽ മാന്യ മെമ്പർമാർ കുട്ടികളെയും സമാജത്തിലെ വിവിധ കലാപരിപാടികളിലും മറ്റും പങ്കെടുപ്പിക്കണമെന്ന് കൂടി അഭ്യർത്ഥിക്കുകയാണ്.
കേരള സമാജത്തിന്റെ പ്രവർത്തനങ്ങൾ മാന്യ മെമ്പർമാരുടെ സഹകരണം കൊണ്ടും മറ്റും മാതൃകാപരമായിത്തന്നെ പ്രയാണം തുടരുന്ന ഈ അവസരത്തിൽ ജാതിമത രാഷ്ട്രീയ ചിന്തകൾക്ക് അതീതമായി മലയാളികളുടെ ക്ഷേമത്തിന് ഊന്നൽ നൽകി കേരള സമാജം ഇനിയും അഭിവൃദ്ധി പ്രാപിക്കട്ടെയെന്ന് കൂടി ആശംസിക്കുന്നു.

എന്ന്
ടി.കെ രാജൻ
കേരള സമാജം പ്രസിഡണ്ട്
ഫോൺ: 094481 34955

## റിപ്പോർട്ട്



പ്രിയ സുഹൃത്തുക്കളേ,

കേരള സർക്കാർ സംരഭമായ മലയാളം മിഷനുമായി ചേർന്ന് കേരള സമാജം ആരംഭിക്കുന്ന മലയാളം പഠന പദ്ധതിയിലേക്ക് പഠിതാക്കളുടെ രജിസ്ട്രേഷൻ സമാജത്തിൽ ആരംഭിച്ചിരിക്കുകയാണ്.ഈ പഠന പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർ കേരള സമാജം ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
ദക്ഷിണ കന്നഡ ജില്ല കടബ താലൂക്കിലെ ശ്രീരാടി പഞ്ചായത്തിലെ അട്വാള ഗവൺമെന്റ് യു.പി സ്കൂളിലെ നിർദ്ധനരായ അമ്പതോളം സ്കൂൾ കുട്ടികൾക്ക് മംഗളൂരു കേരള സമാജം സ്കൂൾ ബാഗുകൾ വിതരണം ചെയ്തു.
അതുപോലെ ഇക്കൊല്ലത്തെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ മൂന്നാം തീയ്യതി ഞായറാഴ്ച കൊടിയൽ ബെയിൽ കൂട്ടക്കല ആഡിറ്റോറിയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ച വിവരം മാന്യമെമ്പർമാരെ ഈയവസരത്തിൽ അറിയിക്കുകയാണ്. അതോടൊപ്പം ഓണാഘോഷ പരിപാടികളുടെ ഭാഗമായി വിവിധ കലാസാഹിത്യ പരിപാടികളുടെ മത്സരങ്ങൾ സമാജം ജൂബിലി ഹാളിൽ വെച്ച് ആഗസ്റ്റ് 13 ന് നടത്തപ്പെടുന്നുണ്ട്.
സ്വാതന്ത്ര്യത്തിന്റെ വിലയെന്തെന്ന ഓർമ്മപ്പെടുത്തലുമായി വീണ്ടുമൊരു സ്വാതന്ത്ര്യ ദിനം കൂടി വന്നെത്തിയിരിക്കുന്ന ഈ വേളയിൽ എല്ലാ മെമ്പർ മാർക്കും എന്റെ ഹൃദയം നിറഞ്ഞ സ്വാതന്ത്ര്യ ദിനാശംസകൾ നേരുന്നു.

സെക്രട്ടറി
മാക്സിൻ സെബാസ്റ്റ്യൻ



വര: കാവ്യ ജയചന്ദ്രൻ, കുലായ്

# സ്വാതന്ത്ര്യം താനമൃതം



**റാണി കലാധർ**

ഓമനയെന്ന പേരുള്ള ഈ പൈങ്കിളിയെ പാലും പഴവും നൽകി സ്വർണ്ണക്കൂട്ടിലിട്ട് സ്നേഹിച്ചു ഞാൻ. എന്നിട്ടും ഈ പൈങ്കിളിപ്പെണ്ണ് പാടിയില്ല. പാടുവാൻ കഴുത്തുയർത്തുമ്പോഴെല്ലാം ഏതോ നൊമ്പരത്തിൽ പേടിച്ചിരുന്നവൾ. അപ്പോഴെല്ലാം ഞാൻ ചോദിച്ചു.... ഹേയ്....... കിളിയേ....... എത്ര ഭാഗ്യവതിയാണു നീ! തേനും, പഴവും, പാലും നൽകി നിന്നെ ഈ കൂട്ടിലിട്ട് ഓമനിക്കുന്നില്ലേ ഞാൻ. പിന്നെ എന്തിനാണ് ഓമനേ ഈ നൊമ്പരച്ചിറകടി?

സ്വർണ്ണക്കൂട്ടിലാണ് ആഹാരം. തേനും പാലും പഴവും ഒക്കെ നൽകുന്നത് സ്വർണ്ണതളികയിലും. പക്ഷെ ഇതിനുള്ളിൽ വസിക്കുന്ന എന്റെ കൊച്ചു ഹൃദയവും, സ്വപ്നങ്ങളും ത്യജിച്ചതിലും വലുത് എന്താണിവിടെയെന്ന് കിളി തിരിച്ചു ചോദിക്കുകയാണ്.

പിന്നെ ഞാൻ മനസ്സിലാക്കി, സ്വച്ഛന്ദം കാട്ടിൽ പഴം തിന്നു പാടിപ്പറന്നതിവൾ ഓർക്കുമ്പോൾ കയ്പ്പായി തോന്നിയതാകാം എന്റെയീ സ്നേഹമെന്ന്. മാത്രമല്ല തേനിനാലും പഴത്തിനാലും, പാലിനാലും ശമിക്കാത്തതാവും ഇവളുടെ ആത്മാവിലെ ദാഹങ്ങളെന്ന്!



ഒരിക്കലെങ്കിലും ഇവളുടെ ചിറകു വിരിച്ചു പറക്കാൻ സാധിച്ചില്ലല്ലോ, മറ്റു പക്ഷികളോട് കുശലം പറയാൻ ഇവൾക്കായില്ലല്ലോ, ഇവൾക്കീ കൂട്ടിലിരുന്ന് മനസ്സുതുറന്നൊന്ന് സന്തോഷിക്കാനുമായില്ല. അതൊക്കെയല്ലേ ഈ കിളിയുടെ സ്വാതന്ത്ര്യം?

പിന്നൊന്നും നോക്കിയില്ല, അവളെ മെല്ലെ തലോടിക്കൊണ്ട് പറഞ്ഞു ഓമനേ പോകൂ... ദേ... ഞാൻ കൂടിതാ തുറക്കുന്നു.

അങ്ങനെ എന്റെ 'ഓമന 'പൈങ്കിളി പറന്നു പറന്നു പോയി.

അതെ! ഈ കിളിക്ക് ഇന്ന് സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ ലഭിച്ചു. അവൾ പറന്നുയരുകയാണ്.

പറന്ന് പറന്ന് ചിറകു വരിച്ച് മറ്റ് പക്ഷികളോട് കുശലം പറഞ്ഞ് മനസ്സ് തുറന്നൊന്ന് സന്തോ ഷിച്ച് അവൾ സ്വാതന്ത്ര്യം ആഘോഷി ക്കുകയാണ് .

അതെ! കൂട്ടിലടച്ച കിളികൾ ആഗ്രഹിക്കുന്ന ആകാശമാണ് സ്വാതന്ത്ര്യം. ആകാശത്തിന്റെ അനന്തതയോളം കുതിച്ചുയരാൻ ഏവർക്കും സാധിക്കട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ സ്വാതന്ത്ര്യ ദിനാശംസകൾ !

# ഇന്നിലൂടെ ഒരു യാത്ര...

ഇന്നിന്റെ ശാപമാണ് പ്ലാസ്റ്റിക് കവറുകൾ. പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന ഈ പ്ലാസ്റ്റിക്കുകൾ നിർമിക്കുന്ന കമ്പനികൾ പൂട്ടി സീൽ ചെയ്യണം. അല്ലെങ്കിൽ ആ ഫാക്ടറിക്കകത്ത് വാഴനാരുകൊണ്ടുള്ള സഞ്ചികൾ, മുള കൊണ്ടും, ഈറ്റ കൊണ്ടും, പാളകൾ കൊണ്ടും മറ്റും ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ നിർമിക്കണം.

മിഠായിക്കടലാസ്, പാലിന്റെ കവറുകൾ, ഷാംപൂ കവറുകൾ, വാഹനങ്ങളുടെ ഓയിൽ കവറുകൾ, പായ്ക്കിംങ് കവറുകൾ, സിഗരറ്റ് കവറുകൾ, കറി മസാലകളുടെ കവറുകൾ... അങ്ങിനെ പതിനായിരക്കണക്കിന് പ്ലാസ്റ്റിക് കവറുകൾ നാം വേറെ ഒരു കവറിലാക്കി പലയിടത്തായി നിക്ഷേപിക്കുന്നു. ഇത് വർഷങ്ങളോളം നശിക്കാതെ കിടക്കുന്നു. ഇത്തരം പ്ലാസ്റ്റിക് വന്യ മൃഗങ്ങളുടെ മരണത്തിനും പശു, ആട്, നായ്ക്കൾ തുടങ്ങിയവയുടെ ജീവന് വലിയ അപകടം സൃഷ്ടിക്കുന്നു.

പ്ലാസ്റ്റിക് മനുഷ്യ ശരീരത്തിന് അപകടമാണെന്ന് നമുക്ക് ഏവർക്കും അറിയാം. പക്ഷെ നാമാരും ഇതിന്റെ ഗൗരവം മനസിലാക്കുന്നില്ല. മാറാ രോഗങ്ങൾക്കു കാരണമാകുന്ന ഈ പ്ലാസ്റ്റിക്കുകൾ വരും തലമുറയുടെ ആരോഗ്യത്തെ കൂടി നശിപ്പിക്കുമെന്ന ആശങ്ക പ്രകടിപ്പിക്കുകയാണ് ഇതേ കുറിച്ച് പഠനം നടത്തുന്ന ശാസ്ത്രലോകം.

പ്രശ്നം ഗുരുതരം, പരിഹാരം ലളിതം. ഇന്ത്യൻ സാമ്പത്തിക മേഖലയില് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കുമായിരുന്ന നോട്ടു നിരോധനം ഒറ്റ രാത്രി കൊണ്ട് സംഭവിച്ചതാണ്.

അതു പോലെ നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉൽപനങ്ങൾ നിർമിക്കുന്ന കമ്പനികൾ ഒറ്റ രാത്രി കൊണ്ട് ഇന്ത്യയിൽ മൊത്തം നിർമാണം നിർത്തണം. ബാക്കിയുള്ള അസംസ്കൃത വസ്തുക്കളും നിർമിച്ചവയും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിലുള്ള മറ്റു സാധനങ്ങളുടെ നിർമാണത്തിന് പ്രയോജനപ്പെടുത്തണം. ഈ കമ്പനികളെ പാള, വാഴനാര്, ഈറ്റ, മുള. തെങ്ങിന്റെ ഭാഗങ്ങൾ തുടങ്ങിയവ കൊണ്ടുള്ള ഉൽപന്നങ്ങൾ നിർമിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റണം. അങ്ങിനെ ചെയ്താൽ കാർഷിക രംഗത്ത് വിപ്ലവകരമായ ഒരു വിജയത്തിന് കൂടി ഇത് വഴിയൊരുക്കും എന്നതിൽ തർക്കമില്ല.

നമ്മുടെ അശ്രദ്ധമായ ജീവിത രീതി കാരണം അടുത്ത തലമുറയ്ക്ക് കൂടി മാറാ രോഗങ്ങൾക്ക് കാരണമാകുന്ന പ്ലാസ്റ്റിക് നാം തന്നെ നിർത്തലാക്കണം. എൻഡോ സൾഫാൻ കാരണം സമൂഹത്തിൽ നിത്യദുരിതം അനുഭവിക്കുന്ന ഒരു ജനതയെ ഇന്ന് നാം കാണുന്നു. ആര് എൻഡോസൾഫാൻ നിർദേശിച്ചു? എന്തിന് ഉപയോഗിച്ചു? ആർക്കു വേണ്ടി ഉപയോഗിച്ചു? ഈ ചോദ്യങ്ങൾ വളരെ ഗൗരവമുള്ളതാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ജീവിതത്തിലേക്ക് എല്ലാവരും ഒന്ന് എത്തിനോക്കണം. എങ്കിലേ അതിന്റെ വ്യാപ്തി ശരിയായ രീതിയിൽ ബോധ്യപ്പെടൂ.

ഇന്ന് ഈ ദുരിതബാധിതരുടെ ജീവിതത്തിൽ ചെറിയ രീതിയിൽ മാറ്റം വരുവാൻ തുടങ്ങിയിട്ടുണ്ട്. വിസ്മയത്തുമ്പത്തു നിന്നും ഇറങ്ങി വന്ന് ദുരിതക്കയത്തിൽ ജീവിക്കുന്ന ഇവരുടെ കൂടെ, അവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന അവതാര പുരുഷൻ– ഗോപിനാഥ് മുതുകാടിനെ പോലുള്ളവരുടെ ശ്രമമാണ് ഇതിനു വഴിയൊരുക്കുന്നത്. ഒരു സമൂഹം കഷ്ടപ്പെടുന്നത് കണ്ടു നിൽക്കാതെ അവരുടെ പ്രശ്ന പരിഹാരത്തിനു വേണ്ടി തന്റെ തൊഴിൽ മേഖല പോലും ഉപേക്ഷിച്ച് ഈ ജനതയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ ശ്രമിക്കുന്ന ഈ വ്യക്തിക്ക് ഏറ്റവും വലിയ ബഹുമതി കൊടുത്ത് അദ്ദേഹത്തെ ഈ യൗവ്വനാവസ്ഥയിൽ തന്നെ അംഗീകരിച്ചാൽ പുതു തലമുറയ്ക്ക് അത് പ്രചോദനമായിത്തീരും എന്നതിൽ സംശയമില്ല.

നമ്മുടെ വിദ്യാഭ്യാസ രംഗം വളരെയധികം സങ്കീർണതയിലൂടെ കടന്നു പോകുന്ന സമയമാണിത്. അർഹതയില്ലാത്തവർക്ക് ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റുമെല്ലാം യഥേഷ്ടം നൽകി വരുന്നെന്ന വാർത്തകൾ വരുന്നു. ഇത് നല്ല പ്രവണതയല്ല. വ്യാജ ബിരുദ സർട്ടിഫിക്കറ്റുകളെ കുറിച്ച് ശരിയായ രീതിയിൽ അന്വേഷണം നടന്നാൽ നമ്മുടെ ഭരണ സംഘം അഥവാ ഭരണ രംഗത്തിന് മങ്ങലേൽക്കുമെന്നതിൽ യാതൊരു സംശയവും ഇല്ല. ഒരു ഡോക്ടറേറ്റ് പ്രബന്ധം വായിക്കുവാൻ പോലും പ്രാപ്തരല്ല ഈ ഡോക്ടറേറ്റ് പട്ടം കൊടുക്കവരിൽ പലരും. ഈ പട്ടം കൊടുക്കുന്നവരും വാങ്ങിച്ചവരും ഒരു പോലെ കുറ്റക്കാരാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവർ ശരിയായ രീതിയിൽ ശ്രദ്ധിച്ചില്ലെങ്കിൽ ഇനിയും അക്ഷരത്തെറ്റുകളും നോട്ടപ്പിശകുകളും ഉണ്ടാകും.



**പുഷ്പരാജൻ**
**കെ.എച്ച്.ബി. കോളനി യെക്കൂർ**

അങ്ങു ദൂരെ സ്വർണ സാമ്രാജ്യം തീർത്ത ഒരു വ്യക്തിയുടെ പതനം ആകസ്മികമായിരുന്നു. ഒരു പക്ഷേ അദ്ദേഹം നിത്യേന കണക്കുകൾ കൃത്യമായി നോക്കിയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആ സാമ്രാജ്യം തകരില്ലായിരുന്നെന്ന് അദ്ദേഹം തന്നെ പിന്നീട് ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി. എന്തിനേറെ പറയുന്നു, തന്റെ ജീവിതവും ആയുസ്സും സമ്പത്തും എല്ലാം നഷ്ടപ്പെടുത്തിയതും മാനസീക സംഘർഷങ്ങൾ അനുഭവിച്ചതും ആർക്കുവേണ്ടിയാണോ അവർ പോലും അദ്ദേഹം ജയിലിലായപ്പോൾ തിരിഞ്ഞു നോക്കിയില്ല എന്നു പോലും പ്രസ്താവിക്കുകയുണ്ടായി. വെള്ളിത്തിരയിൽ അദ്ദേഹം നമുക്കു കാണാൻ നൽകിയ കഥാപാത്രങ്ങൾ എങ്കിലും നമുക്കു ലഭിച്ചല്ലോ എന്നോർക്കുമ്പോൾ ഒരു നേരിയ തേങ്ങൽ എവിടെയോ വരുന്നുവോ?

സ്വന്തമെന്നു പറയുന്നവർ വിശ്വാസ വഞ്ചന കാട്ടിയാൽ സ്വർണ സാമ്രാജ്യം അടക്കം എല്ലാം നഷ്ടപ്പെടാം എന്നതിന് ഉദാഹരണമാണ് ഈ സഹൃദയന്റെ ജീവിതം. ഒരു വലിയ സ്വർണ സാമ്രാജ്യം ആരൊക്കെയോ കൊണ്ടു പോയി. സ്വന്തം ആശുപത്രി, വിദേശത്തും നാട്ടിലുമുള്ള വീടുകൾ, സ്ഥാവര–ജംഗമ വസ്തുക്കൾ, വിലപിടിപ്പുള്ള ആഭരണങ്ങൾ, വസ്തുക്കൾ, വാഹനങ്ങൾ... അങ്ങിനെ സർവതും ആരൊക്കെയോ കൊണ്ടു പോയി. തനിക്ക് കിടിയത് ജയിൽ വാസം.

സ്വന്തം കൂടപ്പിറപ്പുകളും സഹപ്രവർത്തകരും പണി തന്നാൽ ഇങ്ങിനെയിരിക്കുമെന്ന അറിവ് ബാക്കിയുള്ള സ്വർണ സാമ്രാജ്യത്തിന് ഉടമകൾക്ക് മാത്രമല്ല, നമുക്കും ഒരു പാഠമാണ്.

(തുടരും)



ജൂൺ 11ന് നടന്ന കേരള സമാജം കുടുംബ സംഗമത്തിൽ യുവജന വിഭാഗം അവതരിപ്പിച്ച ഡാൻസിൽ നിന്ന്

**വര : തുഹാനി ടി.ആർ (8 വയസ്)**









**തയാറാക്കിയത്: മോളി എം.ടി.**

**<u>ആവശ്യമായ സാധനങ്ങൾ</u>**

1.ചെമ്പരത്തി പൂവ്, 2.ചൂട് വെള്ളം, 3.ചെറുനാരങ്ങ നീര്, 4.തേൻ/ പഞ്ചസാര

**<u>തയ്യാറാക്കുന്ന വിധം :</u>** ഒരു കപ്പ് ചായയ്ക്ക് 2 ചെമ്പരത്തി പൂവുകളുടെ ഇതളുകൾ എന്ന തോതിൽ അടർത്തിയെടുത്ത് ഇതൾ കഴുകി വൃത്തിയാക്കിയതിന് ശേഷം 10 സെക്കൻഡ് സമയം തിളച്ച ചൂട് വെള്ളത്തിൽ ഇട്ട് വെക്കുക. അതിനു ശേഷം അത് അരിച്ചെടുത്ത് ഇതിലേക്ക് ആവശ്യത്തിന് തേൻ/പഞ്ചസാര ചേർത്ത് നന്നായി ഇളക്കി വെക്കുക. നല്ല ചുവപ്പ് നിറം ലഭിക്കുന്നതിനായി രണ്ടോ മൂന്നോ തുള്ളി നാരങ്ങനീര് ഒഴിക്കുക. ഒരു അടിപൊളി റിഫ്രഷിങ് പാനീയം റെഡി. ചെറുചൂടോടെ ഉപയോഗിക്കാവുന്നതാണ്

ധാരാളം ആന്റി ഓക്സിഡന്റ് അടങ്ങിയിട്ടുള്ള ചെമ്പരത്തി ചായ ബ്ലഡ് പ്രഷർ കുറക്കാനും ശരീരത്തിലെ അനാവശ്യ കൊളസ്ട്രോൾ ഇല്ലാതാക്കാനും ഗുണകരമാണ്. വേനൽക്കാലത്തെ പോലെ തന്നെ മഴക്കാലത്തും നല്ലൊരു ആരോഗ്യ പാനീയം തന്നെയാണിത്.

# നിർദ്ധന വിദ്യാർഥികൾക്ക് കേരള സമാജം സ്കൂൾ ബാഗുകൾ വിതരണം ചെയ്തു

ദക്ഷിണ കന്നഡ ജില്ലയിൽ കടബ താലൂക്കിലെ ശിരാഡി പഞ്ചായത്തിൽ അഡ്ഡഹൊളെ ഗവൺമെന്റ് യു.പി സ്കൂളിലെ നിർദ്ധനരായ അമ്പതോളം വിദ്യാർഥികൾക്ക് മംഗളൂരു കേരള സമാജം സ്കൂൾ ബാഗുകൾ വിതരണം ചെയ്തു. കേരള സമാജം ജൂബിലി ഹാളിൽ നടന്ന പരിപാടിയിൽ സമാജം വൈസ് പ്രസിഡണ്ട് കെ.വിജയ കുമാർ അദ്ധ്യക്ഷത വഹിച്ചു.ബാഗുകൾ വിജയകുമാർ ശിരാഡി പഞ്ചായത്ത് വൈസ് പ്രസിഡന്റ് കാർത്തികേയനു കൈമാറി.

കോവിഡ് മഹാമാരി വിതച്ച ഒറ്റപ്പെടലിന്റേയും, അകന്നു കഴിയലിന്റെയും ദുരിതകാലത്ത് ദക്ഷിണ കന്നഡ ജില്ലയിലുള്ള നമ്മൾ പരസ്പരം അറിയാതിരുന്ന പല മലയാളി സംഘടനകളെപ്പറ്റി അടുത്തറിയാനും സംഘടനാ നേതാക്കളുമായി പരിചയപ്പെടാനും കേരള സമാജത്തിന് കഴിയുന്ന തരത്തിലുള്ള സാമൂഹ്യ സേവനങ്ങൾ നടത്താൻ കഴിഞ്ഞതിലും ചാരിതാർത്ഥ്യമുണ്ടെന്ന് ചടങ്ങിൽ സംസാരിച്ച കേരള സമാജം സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ പറഞ്ഞു.

സമാജം നൽകിയ ഈ സേവനത്തിന് ഷിരാഡി വൈസ് പ്രസിഡന്റ് കാർത്തികേയൻ നന്ദി അറിയിച്ചു. അതോടൊപ്പം കൊറോണ ദുരിതകാലത്ത് സഹോദര്യത്തിൽ അധിഷ്ഠിതമായ കരുതലും ശ്രദ്ധയും നൽകിയ സമാജത്തിന്റെ മനുഷ്യത്വപരമായ പ്രവർത്തനങ്ങളെ കാർത്തികേയൻ അഭിനന്ദിച്ചു.

സമാജം ലൈബ്രേറിയൻ സി.എസ്. പ്രദീപ് കുമാർ, കലാവിഭാഗം കൺവീനർ അശോകൻ, കമ്മറ്റി മെമ്പർമാരായ മനോഹരൻ, ദിനേശൻ തുടങ്ങിയവർ സംബന്ധിച്ചു



അഡ്ഡഹൊളെ ഗവൺമെന്റ് യു.പി സ്കൂളിലെ നിർദ്ധനരായ വിദ്യാർഥികൾക്ക് മംഗളൂരു കേരള സമാജം വിതരണം ചെയ്ത സ്കൂൾ ബാഗുകൾ സമാജം വൈസ് പ്രസിഡണ്ട് കെ.വിജയ കുമാർ, സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ എന്നിവർ ചേർന്ന് ശിരാഡി പഞ്ചായത്ത് വൈസ് പ്രസിഡന്റ് കാർത്തികേയനു കൈമാറുന്നു.



ഓണാഘോഷത്തോട് അനുബന്ധിച്ച് കേരള സമാജം വനിതാ വിഭാഗം അവതരിപ്പിക്കുന്ന കലാപരിപാടികളുടെ പരിശീലനം സമാജം സുവർണജൂബിലി ഹാളിൽ ആരംഭിച്ചപ്പോൾ.

## ഇക്കഴിഞ്ഞ എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കേരള സമാജം സ്കൂൾ വിദ്യാർഥികൾ



**ഐശ്വര്യ കെ.എം.**
**93.44% മാർക്ക്**



**ഭവിഷ്യ**
**90.56% മാർക്ക്**



**ദീപ്തി .ജി**
**88.80% മാർക്ക്**

എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർഥികളെയും ഇതിനായി ഒത്തൊരുമയോടെ പ്രവർത്തിച്ച അധ്യാപകർ, ഇതര ജീവനക്കാർ, രക്ഷിതാക്കൾ തുടങ്ങിയവരെയും കേരള സമാജം ഭാരവാഹികൾ അഭിനന്ദിച്ചു. ഏറെ മികച്ച നിലവാരത്തിലുള്ള പഠനം ഉറപ്പു വരുത്താനും അതിന്റെ ഭാഗമായി മെച്ചപ്പെട്ട വിജയ ശതമാനം നേടാനും കേരള സമാജം സ്കൂളിന് സാധിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത് കൂടുതൽ മെച്ചപ്പെടുത്താൻ ഭരണ സമിതിയും ജീവനക്കാരും രക്ഷിതാക്കളുമെല്ലാം കൂടുതൽ കൂട്ടായ ശ്രമം നടത്തുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.



കേരളസമാജം അംഗം വി.വിനീഷ് എക്കൂർ ദർലക്കട്ടയിൽ ആരംഭിച്ച ന്യൂ സൺ ഡിജിറ്റൽ സ്റ്റുഡിയോ കേരള സമാജം പ്രസിഡണ്ട് ടി.കെ.രാജൻ ഉദ്ഘാടനം ചെയ്യുന്നു.

## സൃഷ്ടികൾ ക്ഷണിക്കുന്നു

മംഗളൂരു കേരള സമാജം പ്രസിദ്ധീകരണമായ സമാജ സന്ദേശം മാസികയിലേക്ക് കഥ, കവിത, ലേഖനം, ചിത്രങ്ങൾ തുടങ്ങിയ സൃഷ്ടികൾ ക്ഷണിക്കുന്നു. ചിത്രങ്ങൾ നേരിട്ട് ഏൽപിക്കുകയോ സ്കാൻ ചെയ്ത് അയക്കുകയോ ചെയ്യേണ്ടതാണ്. മൊബൈൽ ഫോണിൽ ഫോട്ടോ എടുത്ത് അയക്കുന്ന ചിത്രങ്ങൾ സ്വീകാര്യമല്ല. സമാജം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സൃഷ്ടികൾക്ക് മുൻഗണന.

അയക്കേണ്ട വിലാസം:
സമാജ സന്ദേശം,
കേരള സമാജം ഓഫിസ്,
കെ.എസ്.റാവു റോഡ്,മംഗളൂരു–575001.
ഇ–മെയിൽ: samajasandesham@gmail.com


## സമാജ സന്ദേശത്തിൽ പരസ്യം നൽകാൻ ബന്ധപ്പെടുക

**ഫോൺ: 0824 2441323**

**2022 ഏപ്രിൽ 1നു നിലവിൽ വന്ന പരസ്യ നിരക്ക് (ചതുരശ്ര സെന്റീമീറ്ററിന്)**

| വാണിജ്യ പരസ്യങ്ങൾ | വ്യക്തിഗത പരസ്യങ്ങൾ |
|---|---|
| ഒന്നാം പേജ്: 25 രൂപ | ഒന്നാം പേജ്: 20 രൂപ |
| ബാക്ക് പേജ്: 20 രൂപ | ബാക്ക് പേജ്: 15 രൂപ |
| ഉൾപേജ്: 15 രൂപ | ഉൾപേജ്: 10 രൂപ |

തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് പ്രസിദ്ധീകരിക്കുന്ന കാലയളവ് പരിഗണിച്ച് നിരക്കിളവ് നൽകുന്നതാണ്. കേരള സമാജം അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും വ്യക്തിഗത പരസ്യങ്ങൾക്ക് 25 ശതമാനം നിരക്ക് ഇളവ് ലഭ്യമാണ്.

## കടമുറികൾ വാടകയ്ക്ക്

മംഗളൂരു നഗരമധ്യത്തിൽ കെ.എസ്.റാവു റോഡിലെ കേരള സമാജം കോംപ്ലക്സിൽ കടമുറികൾ വാടകയ്ക്ക് നൽകാനുണ്ട്. ആവശ്യമുള്ളവർ കേരള സമാജം ഓഫിസുമായി ബന്ധപ്പെടുക.

**ഫോൺ: 0824 2441323**


Edited, Printed and Published by T.K.Rajan on behalf of Kerala Samajam, K.S.Rao Road, Mangaluru-575001. Ph: 0824 2441323. E-Mail: samajasandesham@gmail.com.
Vol: 2. No: 7. Printed at Assisi Press, Assisi Complex, Jail Road, Bejai, Mangaluru- 575003. DTP: VM Communications (Ph: 8762234372)